ॐ



न यत्र श्रवणादीनि रक्षोघ्नानि स्वकर्मसु

ന യത്ര ശ്രവണാദീനി രക്ഷോഘ്നാനി സ്വകർമ്മസു
കുർവന്തി സാത്വതാം ഭർത്തുര്യാതുധാന്യശ്ച തത്ര ഹി (10-6-3)
പൂതനാ ലോക ബാലഘ്നീ രാക്ഷസീ രുധിരാശനാ
ജിഘാംസയാ പി ഹരയേ സ്തനം ദത്ത്വാ$ff$പസദ്ഗതിം (10-6-35)

*ശുകമുനി തുടർന്നു:*
ഇതേ സമയത്ത് കംസൻെറ ആജ്ഞയനുസരിച്ച് പൂതന എന്ന രാക്ഷസി വൃന്ദാവനത്തിൽ ചെന്നു. അങ്ങിനെയുള്ള രാക്ഷസികളും ദുരാത്മാക്കളും പ്രവേശിക്കുന്നത് ഭഗവൽകഥകളും മഹിമകളും പാടാത്ത ഗൃഹങ്ങളിലാണ്. ഗാർഹികധർമ്മങ്ങൾ വഴിയാംവണ്ണം ചെയ്യുന്നിടത്തായാലും ഭഗവൽകീർത്തനമുരിയാടാത്ത ഇടങ്ങളിൽ അവർ ചെന്നുകയറുന്നു. പൂതന തന്ത്രപൂർവ്വം അതിസുന്ദരിയായ യുവതിയുടെ രൂപത്തിലാണ് വൃന്ദാവനത്തിൽ ചെന്നത്. മഹാലക്ഷ്മിയെ വെല്ലുന്ന സൗന്ദര്യം. കുഞ്ഞുങ്ങളെ കൊന്നൊടുക്കാൻ തീർച്ചപ്പെടുത്തിയ കംസസൈന്യത്തിൽപ്പെട്ടവളാണ് പൂതന. പതുക്കെപ്പതുക്കെ പൂതന നന്ദഗൃഹത്തിൽ പ്രവേശിച്ചു. എന്നിട്ട് കൃഷ്ണനെ എടുത്തു. യശോദയും രോഹിണിയും നിസ്സഹായരായി നോക്കിനിൽക്കെത്തന്നെ. അവരും യുവതിയുടെ സൗന്ദര്യത്തിൽ ആകൃഷ്ടരായിരുന്നു. പൂതന കുഞ്ഞിനെ മടിയിലിരുത്തി സ്നേഹപൂർവ്വം മുലയൂട്ടാൻ തുടങ്ങി. അവളുടെ മുലക്കണ്ണുകളിൽ വിഷം പുരട്ടിയിരുന്നു.

ദിവ്യശിശു അവളുടെ മുലയിൽ നിന്നും ആവേശത്തോടെ വിഷപ്പാൽ മുഴുവനും കുടിച്ചു തീർത്തു. അതു കുഞ്ഞിനെ തീരെ ബാധിച്ചില്ലെന്ന് മാത്രമല്ല അവളുടെ പ്രാണരസം തന്നേയും കൃഷ്ണൻ വലിച്ചു കളഞ്ഞു. പ്രാണവേദനയോടെ അവൾ കുതറിമാറാൻ ശ്രമിച്ചെങ്കിലും കൃഷ്ണൻ പിടി വിട്ടില്ല. ഞെളിപിരികൊണ്ട് ആകാശത്തേക്കുയർന്ന് പൂതന തൽസ്വരൂപം കാട്ടി. മരങ്ങളെ തകർത്ത് അവളുടെ ഭീമാകാരം താഴെ വീണു. ബീഭൽസവും ഭയാനകവുമായിരുന്നു ആ ദൃശ്യം.

വൃന്ദാവനത്തിലെ ഗോപാലൻമാർ പേടിച്ചു വിറച്ചുവെങ്കിലും അവസാനം സന്തോഷിച്ചു. തങ്ങളുടെ ഭാഗ്യാതിരേകം കൊണ്ടാണ് കൊച്ചുകൃഷ്ണൻ വലിയൊരാപത്തിൽ നിന്നും വൃന്ദാവനത്തെ രക്ഷിച്ചതെന്നവർ വിശ്വസിച്ചു. എന്നിട്ടവർ എല്ലാവിധത്തിലുള്ള മന്ത്രതന്ത്രങ്ങളും ചെയ്ത് കുഞ്ഞിനെ ബാധിക്കാനിടയുള്ള ഭൂതപ്രേതാദികളെ ഒഴിവാക്കി. ഭഗവൽനാമമുരുവിട്ടുകൊണ്ട് കൃഷ്ണൻെറ ദേഹത്തിൻെറ വിവിധ ഭാഗങ്ങളിൽ തൊട്ട് ആ ദിവ്യശരീരത്തിൽ പ്രേതബാധകളുണ്ടാകാതിരിക്കാൻ പ്രാർത്ഥിച്ചു. യശോദ കൃഷ്ണനെ മുലയൂട്ടി ഉറക്കി. ഈ സമയത്ത് നന്ദഗോപാലൻ മഥുരയിൽ നിന്നും മടങ്ങിയെത്തി. വസുദേവൻ മുൻകൂട്ടിക്കണ്ട ആപത്ത് ഇതാണെന്നറിഞ്ഞ് ആശ്ചര്യപ്പെട്ടു. അതീന്ദ്രിയദൃഷ്ടി തന്നെയത്. നന്ദൻ കൃഷ്ണനെ ആശ്ലേഷിച്ചു.

വൃന്ദാവനവാസികൾ പൂതനയുടെ ജഢം സംസ്കരിച്ചു. ചിതയിൽ നിന്നപ്പോൾ സ്വർഗ്ഗീയസുഗന്ധമുയർന്നു. ഭഗവാൻ മുലകുടിച്ചപ്പോൾ അവളുടെ പാപങ്ങളെല്ലാം പോയിരുന്നു. ഭഗവാൻെറ അമ്മയുടെ സ്ഥാനവും അവൾക്ക് ലഭിച്ചു. ഈ രാക്ഷസിഷ കുഞ്ഞുങ്ങളെ കൊല്ലുന്നവളായിട്ടുകൂടി കൃഷ്ണന് മുലയൂട്ടിയെന്ന കാരണം കൊണ്ടു മാത്രം പരമപദം ആർജ്ജിച്ചു. ദുരുദ്ദേശത്തോടെയാണെങ്കിലും ഭഗവാനെ പ്രേമിച്ചവർക്കുള്ള പ്രതിഫലം ഇതാണെങ്കിൽ ഭഗവാനെ നിർമ്മലഭക്തിയാൽ ഹൃദയം നിറച്ചുവച്ചു പ്രേമിക്കുന്നവർക്കുള്ള സമ്മാനം എന്തായിരിക്കും?

പൂതനാ മോക്ഷത്തിൻെറ കഥ കേൾക്കുന്നവർക്ക് പരമ ഭക്തിയുണ്ടാവുന്നതാണ്.